സി6/ 12267/ 17

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
പാലക്കാട്. – 678001. തീയതി : 18/07/2017.
E Mail – ddepkd@gmail.com.
Phone - 0491 2505469.

വിദ്യാഭ്യാസ ഉപഡയറക്ടർ,
പാലക്കാട്.

എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ

വിഷയം : ജില്ലാ പഞ്ചായത്ത് – പഞ്ചായത്ത് / മുനിസിപ്പൽ തലങ്ങളിൽ വിദ്യാഭ്യാസ സംഗമം നടത്തുന്നത് - സംബന്ധിച്ച്:-

സൂചന : ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 28.06.2017, 05.07.2017 തീയതികളിലെ കത്തുകൾ.

സൂചന പ്രകാരം 2017 – 18 വർഷത്തെ പഞ്ചായത്ത് / മുനിസിപ്പൽ തല വിദ്യാഭ്യാസ സംഗമവുമായി ബന്ധപ്പെട്ട അദ്ധ്യാപക പരിശീലനം 22.07.2017ന് നടത്തുവാൻ നിർദേശിച്ചിരിക്കുന്നു. ഓരോ പഞ്ചായത്ത് / മുനിസിപ്പാലിറ്റിയിൽ നിന്നും വിദ്യാഭ്യാസ സംഗമത്തിനു നേതൃത്വം വഹിക്കാൻ കഴിവുള്ള 3 അദ്ധ്യാപകരെ (ഹയർസെക്കണ്ടറി, ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിൽ നിന്നും ഒരു അദ്ധ്യാപകൻ വീതം) തെരഞ്ഞെടുത്ത് പരിശീലനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. അതാതു ബി.ആർ.സി. പരിധിയിൽ നിന്നും പരിശീലനത്തിൽ പങ്കെടുക്കേണ്ട അദ്ധ്യാപകരുടെ പട്ടിക ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകേണ്ടതാണ്. ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരിശീലനത്തിൽ പങ്കെടുക്കുന്നതിനാവശ്യമായ നിർദേശം പട്ടികയിലുൾപ്പെട്ട അദ്ധ്യാപകർക്ക് നൽകേണ്ടതുമാണ്. പാലക്കാട് വിദ്യാഭ്യാസ ജില്ലയിലെ അദ്ധ്യാപകർക്കുള്ള പരിശീലനം ജില്ലാപഞ്ചായത്തിൽ വെച്ചും, ഒറ്റപ്പാലം, മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലകളിലെ അദ്ധ്യാപകർക്കുള്ള പരിശീലനം ഒറ്റപ്പാലം ബി.ആർ.സി.യിൽ വെച്ചും നടക്കുന്നതാണ്.

വിശ്വസ്തതയോടെ ,

വിദ്യാഭ്യാസ ഉപഡയറക്ടർ
പാലക്കാട്.

പകർപ്പ്.

പ്രിൻസിപ്പാൾ, ഡയറ്റ്, പാലക്കാട്.

ജില്ലാ പ്രൊജക്ട് ഓഫീസർ, എസ്.എസ്.എ. പാലക്കാട്. (അദ്ധ്യാപകരുടെ പട്ടിക ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകാനുള്ള നിർദേശം ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതാണ്.)